(സി) ഓരോ വസ്തുക്കൾക്കും 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ മുമ്പ് ഉണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നിരക്ക് ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വസ്തുക്കൾക്ക് എത്ര ശതമാനത്തിൽനിന്ന് എത്ര ശതമാനമായിട്ടാണ് ഇളവ് നൽകിയത് ;

(ഡി) ഇങ്ങനെ ഇളവ് നൽകിയതുമൂലം മേൽപ്പറഞ്ഞ സാമ്പത്തിക വർഷം ഓരോന്നിലും എത്ര നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതിയും വർദ്ധിപ്പിച്ച നികുതിയും സംബന്ധിച്ച വിവരം അനുബന്ധം എ ആയി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഓരോ വസ്തുക്കൾക്കും 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ കേരള ധനകാര്യ നിയമപ്രകാരം വാറ്റ്, കെ.ജി.എസ്.ടി., ലക്ഷ്വറി ടാക്സ് നിയമങ്ങളിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം ബി ആയി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

നികുതി വരവ്

122(2111) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വരവിനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, നികുതി പിരിവ്, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ബി) ഇവയിൽ കാർഷികാദായ നികുതി, ഭൂനികുതി, കൃഷിഭൂമി ഒഴികെ സ്ഥാവര വസ്തു നികുതി, സംസ്ഥാന എക്സൈസ്, വില്പന നികുതി, വാഹന നികുതി, വൈദ്യുത നികുതി, ക്രയവിക്രയ സേവനം ഇടങ്ങിയ മറ്റു നികുതികൾ (തരം തിരിച്ച്) സർക്കാരിന് 2011-12 മുതൽ 2015-16 വരെ ലഭിച്ചത് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിനകത്ത് പോലീസ് വേണ്ടത്ര പരിശോധനയില്ലാതെ ചരക്കു വാഹനങ്ങൾ കടത്തിവിടുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഓരോ വർഷവും എത്ര എന്നു കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റയിൽവേ,ഇറമുഖം, ടൂറിസ്റ്റ് വാഹനങ്ങൾ, പാർസൽ, കറിയർ എന്നിവയിലൂടെയും വിമാനങ്ങൾ വഴിയും നികുതി വെട്ടിപ്പ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര തുകയുടെ നികുതി വെട്ടിപ്പ് 2011-12 മുതൽ സംസ്ഥാനത്ത് നടന്നുവരുന്നുവെന്നും ഇതുതടയുവാൻ ഈ സർക്കാർ ഓരോ വർഷവും എന്തു നടപടി സ്വീകരിച്ചു എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ& ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കാർഷികാദായ നികുതി, ഭൂനികുതി, കൃഷിഭൂമി ഒഴികെ സ്ഥാവര വസ്തു നികുതി, സംസ്ഥാന എക്സൈസ്, വില്പന നികുതി, വാഹന നികുതി, വൈദ്യുത നികുതി, ക്രയവിക്രയ സേവനം തുടങ്ങി മറ്റുനികുതികൾ മുതലായ വിവിധ നികുതി വരവിനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, നികുതി പിരിവ്, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രത്യേകം കണക്ക് സൂക്ഷിച്ചിട്ടില്ല. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്ക് വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷമാണ് കടത്തിവിടുന്നത്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വാറ്റ് ഇനത്തിൽ നൽകിയ ഇളവ്

123(2112) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് ഇനത്തിലുള്ള പിരിവിൽനിന്ന് ഏതെങ്കിലും വ്യക്തികൾക്കോ വ്യാപാരികൾക്കോ ഇളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വ്യാപാരികൾക്ക് എത്ര തുക വീതം നൽകി ;

(ബി) ഓരോ വർഷവും ഓരോ വ്യാപാരികൾക്ക് ഇളവ് നൽകിയ തുകയുടെ വിശദാംശങ്ങളും ഇവരുടെ പേരും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഉല്പന്നങ്ങൾക്കുമേലാണ് നിശ്ചിത നിരക്കിൽ നികുതി ചുമത്തുന്നത്. വ്യക്തികൾക്കോ വ്യാപാരികൾക്കോ യാതൊരു വിധത്തിലുള്ള ഇളവും ടി നിയമപ്രകാരം നൽകിയിട്ടില്ല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly